"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 427/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2538/2025/LSGD** **തീയതി, തിരുവനന്തപുരം, 20-10-2025**

പരാമർശം:-
1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.427/2008 നമ്പർ കേസിലെ 05/01/2020 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/07/2025 തീയതിയിലെ DCTVM/4616/2025-K18 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/08/2025 തീയതിയിലെ എ3/3186/2024//ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ 0.08 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ.427/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,05,508/- രൂപ (ഏഴ് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ്റി എട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), പരാമർശം (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 3131/A2 (എൽ.എ.സർവ്വേ നം.126)-ൽ ഉൾപ്പെട്ട 0.08 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 427/2008 നമ്പർ കേസിലെ ബാലൻസ് തുകയായ 7,05,508/- രൂപ (ഏഴ് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ്റി എട്ട് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. എസ്.ബി. കലാധർ,

ശ്രീമതി പ്രഭ ഡി., ശ്രീമതി കാർത്തിക പി. നായർ. ശ്രീ. വിഷ്ണു കെ നായർ എന്നിവർക്ക് '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

1). സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.

2). ജില്ലാ കളക്ടർ, തിരുവനന്തപുരം.

3). ബന്ധപ്പെട്ട കക്ഷികൾക്ക് (തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന).

4). ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

5). ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

6). സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

7). എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

8). ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

9). കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/123/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 22-10-2025 11:29:46

സെക്ഷൻ ഓഫീസർ